# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER 25 | 2021 |

## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2021@gmail.com

---

### പരമ്പരാഗത പാത സഞ്ചാരയോഗ്യമാക്കുന്നത് അവസാന ഘട്ടത്തിൽ

പരമ്പരാഗത പാതയായ നീലിമല മുതൽ മരക്കൂട്ടം വരെയുള്ള തീർഥാടന പാത സഞ്ചാരയോഗ്യമാക്കുന്ന ജോലികൾ അവസാനഘട്ടത്തിൽ. ദർശനത്തിന് എത്തുന്നവരുടെ എണ്ണം വർധിപ്പിക്കുന്ന സാഹചര്യം ഉ ായാൽ ഉപയോഗിക്കുന്നതിനായാണ് മുൻകരുതലായി ദേവസ്വം മരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ പരമ്പരാഗത പാത സഞ്ചാരയോഗ്യമാക്കുന്നത്. നീലിമല മുതൽ മരക്കൂട്ടം വരെയുള്ള പരമ്പരാഗത പാതയിലെ കാടുവെട്ടിതെളിക്കൽ പൂർത്തിയായി. കല്ലുകളിലെ പായലുകൾ പൂർണമായി നീക്കം ചെയ്തു. നീലിമല, അപ്പാച്ചിമേട് എന്നിവിടങ്ങളിലുള്ള കാർഡിയോളജി സെന്ററുകളുടെ അറ്റകുറ്റപണികൾ പൂർത്തിയാക്കി. നശിച്ചുപോയിരുന്ന ബാരിക്കേഡുകൾ പുന:സ്ഥാപിക്കുകയും പെയ്ന്റ് ചെയ്യുകയും ചെയ്തു. നീലിമല മുതൽ മരക്കൂട്ടം വരെയുള്ള പാതയിലെ ആറ് എമർജൻസി മെഡിക്കൽ സെന്ററുകളുടേയും ര ് ടോയ്ലറ്റ് ബ്ലോക്കുകളുടേയും അറ്റകുറ്റപണികളും പൂർത്തിയായിട്ടു ്. അവസാന ഘട്ട ശുചീകരണ പ്രവർത്തനത്തിന് വിശുദ്ധി സേനാംഗങ്ങളേയും നിയോഗിച്ചിട്ടു ്.

(പി.ആർ. ശബരി-56)

## കൈപ്പട്ടൂർ പാലത്തിലൂടെ ഗതാഗതം അനുവദിച്ച് ഉത്തരവ്

കൈപ്പട്ടൂർ പാലത്തിലൂടെ ഗതാഗതം അനുവദിച്ച് ജില്ലാ കളക്ടറും ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണുമായ ഡോ. ദിവ്യ എസ്. അയ്യർ ഉത്തരവായി. ഇനി പറയുന്ന മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന നിബന്ധനയോടെയാണ് അനുമതി. ഏറ്റവും പ്രതികൂല കാലാവസ്ഥയിൽ പാലത്തിലൂടെ ഗതാഗതത്തിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. ഏറ്റവും പ്രതികൂല കാലാവസ്ഥയിലോ, മറ്റ് അടിയന്തിര സാഹചര്യങ്ങളിലോ 25 ടണ്ണിൽ കൂടുതൽ ഭാരം കയറ്റിയ വാഹനങ്ങൾ കടന്നു പോകുന്നതിന് ഏർപ്പെടുത്തിയ നിരോധനം ഉടനടി പ്രാബല്യത്തിൽ വരുത്തണം. വാഹനങ്ങൾ വേഗത കുറച്ചു പോകുന്നതിനും ഭാരവാഹനങ്ങൾ ടാർ എഡ്ജ് ലൈൻ കടക്കില്ല എന്നതും ഉൾപ്പെടെ എല്ലാ നിബന്ധനകളും ഉറപ്പുവരുത്തുന്നതിന് ജില്ലാ പോലീസ് മേധാവി നടപടി സ്വീകരിക്കണം. പാലത്തിന്റെ അവസ്ഥ 10 ദിവസത്തിൽ ഒരിക്കൽ പരിശോധിച്ച് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറെ ചുമതലപ്പെടുത്തിയതായും ഉത്തരവിൽ പറയുന്നു.

(പി.ആർ. ശബരി-57)

## ശബരിമലയിലെ നാളത്തെ (26.11.2021) ചടങ്ങുകൾ

പുലർച്ചെ 3.30 ന് പള്ളി ഉണർത്തൽ
4 മണിക്ക്.... തിരുനട തുറക്കൽ
4.05 ന്..... അഭിഷേകം
4.30 ന് ...ഗണപതി ഹോമം
5 മണി മുതൽ 7 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
9 മണിക്ക് ....അത്താഴപൂജ
9.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 10 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

(പി.ആർ. ശബരി-58)

***ഫോട്ടോ അടിക്കുറിപ്പ്-പരമ്പരാഗത പാത***-സഞ്ചാര യോഗ്യമാക്കിയ പരമ്പരാഗത പാത

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.